"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾക്ക് പഠിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിവരുന്ന KPCR വിദ്യാഭ്യാസാനുകൂല്യത്തിന് പകരം PM-YASASVI പദ്ധതിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2024/BCDD തീയതി,തിരുവനന്തപുരം, 20-02-2024

---

പരാമർശം:-
1. സ.ഉ(പി) നം.208/66/Edn തീയതി 02.05.1966.
2. സ.ഉ(സാധാ) നം.1209/2011/പജപവവിവ തീയതി 02.12.2011.
3. പിന്നാക്ക വിഭാഗവികസനവകുപ്പ് ഡയറക്ടറുടെ 18.01.2024 തീയതിയിലെ BCDIR/755/2022-A3 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തിനകത്ത് ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾക്കും CA/CMA/CS കോഴ്സുകൾക്കും കേന്ദ്ര സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് കോഴ്സുകൾക്കും പഠിക്കുന്ന ഒ.ബി.സി/ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്കും അഖിലേന്ത്യാ ക്വാട്ടയിൽ മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്കും പ്രവേശനം നേടിയ ഒ.ബി.സി/ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്കും 60% കേന്ദ്രസഹായത്തോടെ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് PM-YASASVI OBC, EBC പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി.

(2) ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ബി.സി/ഇ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2.5 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി 5000/-രൂപ അക്കാദമിക് അലവൻസിന് അർഹതയുണ്ട്. 2022-23 അധ്യയന വർഷം വരെ കേന്ദ്ര പദ്ധതി പ്രകാരം ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ ഒ.ബി.സി വിഭാഗങ്ങൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം 2023-24 മുതൽ 5000 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ച് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം പൊതുവിഭാഗങ്ങൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ടെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി കോഴ്സുകൾക്ക് പഠിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പരാമർശം (1),(2) എന്നീ ഉത്തരവുകൾ പ്രകാരം 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി KPCR വിദ്യാഭ്യാസാനുകൂല്യം നിലവിൽ

പട്ടികജാതി വികസന വകുപ്പ് മുഖേനയാണ് അനുവദിച്ചു വരുന്നത്. കേന്ദ്ര സർക്കാർ പദ്ധതി പൊതുവിഭാഗങ്ങൾക്കു കൂടി ബാധകമാക്കുകയാണെങ്കിൽ KPCR പ്രകാരം നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ ഒഴിവാക്കാവുന്നതും താരതമ്യേന മികച്ച അക്കാദമിക് അലവൻസ് ലഭിക്കുന്നതിന് പൊതു വിഭാഗങ്ങൾക്ക് അവസരം നല്കാവുന്നതുമാണെന്ന് പിന്നാക്കവിഭാഗവികസനവകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(3) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾക്ക് പഠിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിവരുന്ന KPCR വിദ്യാഭ്യാസാനുകൂല്യത്തിന് പകരം താരതമ്യേന കൂടുതൽ ഗുണകരമായ PM-YASASVI പദ്ധതിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHA.S
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,പിന്നാക്കവിഭാഗവികസനവകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.

ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ജി&എസ്.എസ്.എ) ,കേരള,തിരുവനന്തപുരം.

ഉന്നത വിദ്യാഭ്യാസ വകുപ്പ് / പൊതു വിദ്യാഭ്യസ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ,വിവരപൊതുജനസമ്പർക്കവകുപ്പ്.

സബ് ട്രഷറി ഓഫീസർ,വെള്ളയമ്പലം,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 20-02-2024 16:56:51
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.പിന്നാക്കവിഭാഗവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പിന്നാക്കവിഭാഗവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

പിന്നാക്കവിഭാഗവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സ്